# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :29.05.2024 മുതൽ 02.06.2024വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 43/2024 | തീയ്യതി: 28/05/2024 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 68.0 | 27.6 – 31.2 | 24.2 – 26.2 | 65 – 96 | 04 - 14 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 29-05-2024 | 30-05-2024 | 31-05-2024 | 01-06-2024 | 02-06-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 20 | 15 | 10 | 10 | 8 |
| കൂടിയതാപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞതാപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 2 | 4 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 270 | 290 | 270 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഒറ്റപ്പെട്ട ശക്തിയായ മഴയ്ക്ക് സാധ്യതയുണ്ട്. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>മെയ് 28ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ)<br>മെയ് 29 മുതൽ ജൂൺ 01 വരെ ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ) | | |

<table>
<tr><td><u>പൊതുനിർദ്ദേശങ്ങൾ</u></td><td colspan="3">വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര  ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ  എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ,  താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച  എളുപ്പമാക്കുന്നതിന്  ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ  ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br><br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br><br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക<br><br>വൃക്ഷ വിളകൾ നടാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങാം. വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം.  മേൽ മണ്ണിന്റെ കൂടെ  ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ.  വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br><br>മഴയില്ലാത്ത സമയത്ത്  മാത്രം കീടനാശിനി തളിക്കുക.</td></tr>
<tr><td>നെല്ല്: വിരുപ്പൂ (ഒന്നാം വിള)</td><td>നിലമൊരുക്കൽ</td><td colspan="2">മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ പാടം ഉഴുതൽ  ആരംഭിക്കുക.<br><br>ആദ്യത്തെ ഉഴുതലിൽ തന്നെ പച്ചില വളങ്ങൾ, ഉണക്കിപൊടിച്ച ചാണക വളം എന്നിവ (മൊത്തത്തിൽ ഹെക്ടറിനു അഞ്ചു ടൺ നിരക്കിൽ ) മണ്ണുമായി ചേർക്കുക.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ്</td><td>തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>ഉപയോഗ ശൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ  മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ  കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക.</td></tr>
</table>

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | വൃത്തിയാക്കിയ ശേഷം മുൻകരുതലായി ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ ട്രൈക്കോഡെർമ കെയ്ക്ക് നിക്ഷേപിക്കുക.<br><br>അല്ലെങ്കിൽ<br>മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം ) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം,. മുൻകരുതലായി, ഇങ്ങനെയുള്ള മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.<br><br>അല്ലെങ്കിൽ<br>തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ട രോഗം<br> | വാട്ട രോഗത്തിനെതിരെ മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക.<br>കേരള കാർഷിക സർവകലാശാലയുടെ ജൈവ നിയന്ത്രണ ഉപാധിയായ കഡാവർ (cadaver) 4 എണ്ണം വീതം വാഴകളുടെ മധ്യ നിരയിലുള്ള ഇലക്കവിളുകളിൽ, നട്ടുകഴിഞ്ഞു അഞ്ചാമത്തേയും ആറാമത്തെയും മാസങ്ങളിൽ നിക്ഷേപിക്കുക. കഡാവർ (cadaver) ലഭിക്കാൻ കണ്ണാറയിലുള്ള വാഴ ഗവേഷണ കേന്ദ്രവുമായി ബന്ധപെടുക. ഫോൺ: 9605758722 |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| ഇഞ്ചി/മഞ്ഞൾ | നടുന്ന സമയം | വാട്ടം/ചീച്ചൽ | മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകം ( നൂറു കിലോഗ്രാം ചാണകത്തിൽ ഒരു കിലോഗ്രാം ട്രൈക്കോഡെർമ). ഉപയോഗിക്കുക.<br>അല്ലെങ്കിൽ<br>നൂറു ചതുരശ്രമീറ്ററിന് 25 ഗ്രാമ വീതം ട്രൈക്കോഡെർമ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം<br> | രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രംഓരോതവണയുംഉപയോഗംകഴിഞ്ഞ യുടനെകഴുകിസൂക്ഷിക്കുക.പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക.രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി